കാർഷികസർവകലാശാല പഠനം

Deshabhimani 3-10-18, P-16

# കാർഷിക മേഖലയിൽ 3646 കോടിയുടെ നഷ്ടം

തൃശൂർ

പ്രളയം കേരളത്തിലെ കാർഷിക മേഖലയിൽ 3646.40 കോടി രൂപയുടെ നഷ്ടമുണ്ടാക്കിയതായി കാർഷികസർവകലാശാല റിപ്പോർട്ട്. ഐസിഎആറിനു സമർപ്പിച്ച റിപ്പോർട്ടിലാണ് ഈ കണക്ക്. വിള നഷ്ടവും വൃക്ഷനാശവും കാർഷിക മേഖലകളിലെ കെട്ടിടങ്ങൾ, പമ്പ് സെറ്റുകൾ, കാർഷികോപകരണങ്ങൾ തുടങ്ങിയവ ഉൾപ്പെട്ട സമഗ്ര റിപ്പോർട്ട് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രി. റിസർച്ചിന് (ഐസിഎആർ) നൽകി. റിപ്പോർട്ട് പരിശോധിച്ച് കൗൺസിൽ കഴിയാവുന്ന സാമ്പത്തിക സഹായം നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പാരമ്പര്യ കാർഷികവിളകൾക്ക് ഉണ്ടായതിനേക്കാൾ വലിയ നഷ്ടമാണ് ഫല വൃക്ഷങ്ങൾ ഉൾപ്പെടെയുള്ള വൃക്ഷവിളകൾക്ക് ഉണ്ടായത്. 904.42 കോടി രൂപ.

നെൽ കൃഷിയിൽ 31542 കോടിയുടെ നഷ്ടവും പച്ചക്കറി മേഖലയിൽ 175 കോടിയുടെയും വാഴകൃഷിയിൽ 382 കോടിയുടെയും നഷ്ടമുണ്ട്. തേനീച്ചകൃഷിയെയും പ്രളയം സാരമായി ബാധിച്ചു. തേനീച്ചക്കൂട്ടങ്ങൾ അതിവർഷത്തിൽ നശിച്ചതും കൂടുകൾ ഒലിച്ചുപോയതും പൂക്കൾ ഇല്ലാതായതും പ്രതിസന്ധി സൃഷ്ടിച്ചു. 12.50 കോടിയുടെ നഷ്ടമുണ്ടായി. കാർഷിക രംഗത്തെ സ്ഥാവര സ്വത്തുക്കൾ, യന്ത്രോപകരണങ്ങൾ; ഉണ്ടായ നഷ്ടം 1834.50 കോടിവരുമെന്നാണ് വിലയിരുത്തലെന്ന് വൈസ് ചാൻസലർ ഡോ. ആർ ചന്ദ്ര ബാബു പറഞ്ഞു. കാർഷികവികസന, കർഷക ക്ഷേമ വകുപ്പുദ്യോഗസ്ഥരും തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികളും കർഷകരുമായി ചേർന്നാണ് സർവകലാശാലാസംഘം പ്രവർത്തിച്ചതെന്ന് അദ്ദേഹം പറഞ്ഞു.

മണ്ണിന്റെ ഘടനയിലും സ്വഭാവത്തിലും വന്ന മാറ്റവും ജൈവസമ്പത്തിലുണ്ടായ ശോഷണവും കാർഷിക മേഖലയിൽ ഏൽപ്പിച്ച ആഘാതം കണക്കിലെടുക്കേണ്ടതുണ്ട്. പലയിടങ്ങളിലും ഉടൻ കൃഷി പുനരാരംഭിക്കാൻ കഴിയാത്ത അവസ്ഥയാണെന്നും വിസി പറഞ്ഞു.

പ്രളയം കാർഷിക സർവകലാശാലയിൽ പത്തു കോടിയിൽപ്പരം രൂപയുടെ നഷ്ടമുണ്ടാക്കിയതായും കണ്ടെത്തിയിട്ടുണ്ട്. കുമരകം കാർഷിക ഗവേഷണ കേന്ദ്രത്തിൽ മാത്രം അഞ്ചരക്കോടി രൂപയുടെനാശനഷ്ടമുണ്ടായി. മങ്കൊമ്പിൽ 90 ലക്ഷത്തിന്റെയും തിരുവല്ല കേന്ദ്രത്തിൽ ഒരു കോടി എട്ട് ലക്ഷത്തിന്റെയും നഷ്ടമുണ്ടായെന്ന് ഗവേഷണ ഡയറക്ടർ ഡോ. പി ഇന്ദിരാ ദേവി പറഞ്ഞു.